**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3210** **07-10-2025 - ൽ മറുപടിയ്ക്ക്**

**താമരക്കുളം സ്റ്റേഡിയം നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം എസ് അരുൺ കുമാർ | | ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | മാവേലിക്കര മണ്ഡലത്തിലെ താമരക്കുളം സ്റ്റേഡിയം നിർമ്മാണത്തിന്റെ പൂർത്തീകരണത്തിന് സ്വീകരിച്ച നടപടി വിശദമാക്കുമോ? | (എ) | 2019 - 20 ലെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിരുന്ന ആലപ്പുഴ മണ്ഡലത്തിലെ താമരക്കുളം പഞ്ചായത്ത് ഗ്രൗണ്ടിന്റെ പ്രവൃത്തിക്ക് 5 കോടി രൂപയുടെ ഭരണാനുമതി നല്കിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ മേൽ പ്രവൃത്തിയ്ക്ക് കരാറുകാരനായ ബി & ഐ കൺസ്ട്രക്ഷനുമായി കരാറിൽ ഏർപ്പെടുകയുണ്ടായി. 90 m X 55 m വിസ്തീർണ്ണമുള്ള നാച്ചറൽ ടർഫ്, സ്റ്റെപ്പ് ഗ്യാലറി, ഓഫീസ്, ജിം, ഗ്രൗണ്ട് ഡെവലപ്മെന്റ്, ചുറ്റുമതിൽ, സമ്പ് ടാങ്ക്, അനുബന്ധ ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികളാണ് നടപ്പിലാക്കുന്നത്.<br><br>53% പ്രവൃത്തി പൂർത്തീകരിച്ചു. ജിം കെട്ടിടത്തിന്റെ പ്ലാസ്റ്ററിംഗ്, സ്റ്റെപ്പ് ഗ്യാലറി പ്ലാസ്റ്ററിംഗ്, ഗ്രൗണ്ട് ലെവലിംഗ് പ്രവൃത്തി, എർത്ത് ഫില്ലിംഗ് പൂർത്തീകരിച്ചു. ഡ്രൈയിനേജ് നിർമ്മാണം, ചുറ്റുമതിൽ നിർമ്മാണം - 90% പൂർത്തീകരിച്ചു, ഓഫീസ് കെട്ടിടത്തിന്റെ പ്ലംബിംഗ് വർക്കും ഡോറിന്റെ തടിപ്പണികളും, ഡ്രൈയിനേജിന്റെ പ്രവൃത്തികളും പുരോഗമിക്കുന്നു. മഡ് ഫുട്ബോൾ ഗ്രൗണ്ട്, ബാക്കിയുള്ള എർത്ത് ഫില്ലിംഗ്, കെർബ്, ഇലക്ട്രിഫിക്കേഷൻ വർക്ക് എന്നിവ പൂർത്തീകരിക്കാനുണ്ട്.<br><br>പൂർത്തീകരിച്ച പ്രവൃത്തികളുടെ CC 1st & പാർട്ട് ബില്ല് 25.10.2022 നും CC 2nd & പാർട്ട് ബില്ല് 15.11.2023 നും സ്പോർട്സ് കേരള ഫൗണ്ടേഷൻ ചീഫ് എഞ്ചിനീയർ അംഗീകരിച്ച് കായിക വകുപ്പ് മുഖേന എൽ. എസ്. ജി. ഡി. യിൽ സമർപ്പിച്ചിരുന്നുവെങ്കിലും എൽ എസ് ജി ഡി യിൽ നിന്നും ബിൽ തുക ലഭിക്കാനുള്ള കാലതാമസം കാരണം 13.02.2024 മുതൽ കരാറുകാരൻ പ്രവൃത്തി നിർത്തി വച്ചിരുന്നു. |

| | | | |
|---|---|---|---|
| | | | 04.05.2024 ൽ ബഹു. എം. എൽ. എ. യുമായി നടന്ന മീറ്റിംഗിൽ നിലവിലുള്ള എഗ്രിമെന്റ് ഷെഡ്യൂളിൽ പരാമർശിച്ചിരിക്കുന്ന നാച്വറൽ ടർഫ് മാറ്റി മഡ് കോർട്ട് ആക്കാനും യോഗത്തിൽ തീരുമാനം എടുത്തു. മഴ കാരണം പ്രവൃത്തി തടസ്സപ്പെട്ടിരുന്നു.<br><br>എത്രയും വേഗം പ്രവൃത്തി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ